(ബി) വ്യാജനാമം സ്വീകരിച്ച് പണികളേറ്റെടുത്ത് പണി ചെയ്യാതെയോ പൂർത്തിയാക്കാതെയോ ഇരുന്ന ഗുണഭോക്തൃ കൺവീനർമാരിൽനിന്ന് തിരിച്ചുകിട്ടേണ്ട തുകയെന്തുവരും എന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരിൽനിന്ന് കിട്ടാനുള്ള തുക എപ്രകാരം ഈടാക്കാമെന്ന് കരുതുന്നു;

(ഡി) അതിൽ കൊടുത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഏകദേശം 250 കോടി രൂപ വിവിധ കൺവീനർമാരിൽനിന്നും തിരിച്ചു പിടിക്കേണ്ടതാണെന്ന് 2001-02-ലെ പെർഫോമെൻസ് ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രേഖകൾ പ്രകാരം ഗുണഭോക്തൃ സമിതികളാണ് ജോലികൾ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാരണം കൊണ്ടുതന്നെ ഇതിനു പിന്നിലുള്ള യഥാർത്ഥ ബിനാമികളെ കണ്ടെത്താൻ കഴിയില്ല.

(സി) റവന്യൂ റിക്കവറി നടപടികൾ അവലംബിച്ച്.

(ഡി) പ്രവൃത്തികൾ ഏറ്റെടുത്തിട്ട് തുടങ്ങാതെയോ പൂർത്തിയാക്കാതെയോ ഉള്ള സാഹചര്യങ്ങളിൽ റവന്യൂ റിക്കവറിക്ക് വകുപ്പു മേധാവികളിൽനിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺവീനർ ചെയ്തു തീർത്തിട്ടുള്ള പണികൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എൻജിനീയറുടെ ചുമതലയിൽ മെഷർമെന്റ് എടുത്തിട്ട് അധികം കൈപ്പറ്റിയിട്ടുള്ള തുകയ്ക്കാണ് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നത്. മറ്റ് ഏജൻസികളെ ഏൽപ്പിച്ച് നിർമ്മാണം പൂർത്തിയാക്കുമ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ അധികം തുക വേണ്ടിവരികയാണെങ്കിൽ ആ തുകയും കൺവീനറിൽനിന്ന് ഈടാക്കുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭയോ, വാർഡ് സഭയോ വിളിച്ചുകൂട്ടുന്നതിനുള്ള ഉത്തരവാദിത്തം

76 [794] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ബി. വിജയകുമാർ:
„ എൻ. ശക്തൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭയോ, വാർഡ് സഭയോ വിളിച്ചുകൂട്ടുന്നതിനുള്ള ഉത്തരവാദിത്തം ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കുള്ള ഉത്തരവാദിത്തം എന്താണ്;

(സി) വാർഡ് സഭയുടെയോ ഗ്രാമസഭയുടെയോ യോഗം എത്ര കാലത്തിനുള്ളിലാണ് കൂടേണ്ടത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിശ്ചിത തീയതിക്കുള്ളിൽ ഇത് വിളിച്ചുകൂട്ടാത്തപക്ഷം എന്തുനടപടിയാണ് സ്വീകരിക്കാറുള്ളത്;

(ഇ) ഗ്രാമസഭയുടെയോ വാർഡ് സഭയുടെയോ യോഗം വിളിച്ചുകൂട്ടാതിരിക്കുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗത്തിന്റെയോ, മുനിസിപ്പൽ കൗൺസിൽ അംഗത്തിന്റെയോ അംഗത്വം നഷ്ടപ്പെടുന്നതിനുള്ള കാരണമാണോ;

(എഫ്) എങ്കിൽ എത്രകാലം ഇവ വിളിച്ചു കൂട്ടാതിരുന്നാലാണ് സ്ഥാനം നഷ്ടമാകുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ജി) ഈ വ്യവസ്ഥയ്ക്ക് ഭേദഗതി വരുത്താൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ വിളിച്ചുകൂട്ടേണ്ട തീയതിയും സ്ഥലവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബന്ധപ്പെട്ട ഗ്രാമസഭയുടെ കൺവീനർ കൂടിയായ വാർഡ് മെമ്പറുമായി കൂടിയാലോചിച്ചാണ് നിശ്ചയിക്കേണ്ടത്. അതിൻപ്രകാരം പഞ്ചായത്ത് സെക്രട്ടറി ആവശ്യമായ അറിയിപ്പ് നൽകേണ്ടതാണ്. വാർഡ് സഭയിൽ ആ വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലർക്കാണ് ഉത്തരവാദിത്തം.

(ബി) ഗ്രാമസഭയുടെ തീയതി നിശ്ചയിച്ചുകഴിയുമ്പോൾ പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭ കൂടുന്നത് സംബന്ധിച്ചുള്ള അറിയിപ്പ് പൊതുസ്ഥലങ്ങളിൽ പതിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്. വാർഡ് കമ്മിറ്റി യോഗത്തിന്റെ അജണ്ടയും, നടപടിക്കുറിപ്പും തയ്യാറാക്കേണ്ടത് സെക്രട്ടറിയാണ്.

(സി) കുറഞ്ഞപക്ഷം മൂന്നുമാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭയും, വാർഡ് സഭയും വിളിച്ചുകൂട്ടേണ്ടതാണ്.

(ഡി) ഗ്രാമസഭ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തുകയാണെങ്കിൽ വാർഡ് മെമ്പർക്ക് സ്ഥാനം നഷ്ടപ്പെടുന്നതാണ്. വാർഡ് കൗൺസിലർക്ക് തന്റെ കടമകൾ നിർവ്വഹിക്കാൻ സാധിക്കാതെ വന്നാൽ ചെയർമാൻ/ചെയർപേഴ്സൺ തൊട്ടടുത്തുള്ള ഏതെങ്കിലും കൗൺസിലറെ കൺവീനറായി നിയമിക്കാവുന്നതാണ്.

(ഇ) അതെ.

(എഫ്) ഗ്രാമസഭ/വാർഡ്സഭ കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടേണ്ടതാണ്. മൂന്നു മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ/വാർഡ് മെമ്പറുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്.

(ജി) ഇപ്പോൾ ആലോചനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly